**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1774** **29-07-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള 2020-21 വർഷത്തെ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (എ) | മാനന്തവാടി മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള 2020-21 വർഷത്തെ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ മാനന്തവാടി ജില്ലാ ആശുപത്രിക്ക് ഐ.സി.യു. ആംബുലൻസ് വാങ്ങിയതുമായി ബന്ധപ്പെട്ട ബിൽത്തുക വാഹനം നൽകിയ കമ്പനിക്ക് നൽകിയിട്ടുണ്ടോ; | (ബി) | 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച മാനന്തവാടി ജില്ലാ ആശുപത്രിക്ക് ഐ.സി.യു ആംബുലൻസ് വാങ്ങൽ എന്ന പ്രവൃത്തിയുടെ ബിൽ തുക വാഹനം നൽകിയ കമ്പനിക്ക് അനുവദിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ അതിന്റെ കാരണവും പ്രസ്തുത ഫയൽ നിലവിൽ എവിടെയാണെന്നും അറിയിക്കാമോ? | (സി) | ഫണ്ട് അനുവദിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ ആശുപത്രി സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഈ സംബന്ധിച്ച ഫയൽ നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പരിശോധനയിൽ ആണ്. |

സെക്ഷൻ ഓഫീസർ

| മാനന്തവാടി നിയോജക മണ്ഡലം- 2020-21 | | | |
|---|---|---|---|
| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ പുരോഗതി |
| 1 | കോവിഡ് -19 പീഡിയാട്രിക് ഐ.സി.യു. ജില്ലാ ആശുപത്രി മാനന്തവാടി | 5000000 | ഭരണാനുമതി നൽകി. KMSCL ൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻകൂർ പണം അനുവദിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ട്. |
| 2 | മുള്ളൻകൊല്ലി കുടിവെള്ള പദ്ധതി | 5000000 | ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| 3 | തൃശ്ശിലേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്റ്റേഡിയം ഗ്രൗണ്ടിന് സംരക്ഷണഭിത്തി നിർമ്മാണം | 15000000 | ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി നൽകിയിരുന്നെങ്കിലും തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ അനുമതി ലഭിച്ചിട്ടില്ല. തുടർ നടപടികൾക്കായി ഫയൽ ഉടൻതന്നെ വീണ്ടും ധനകാര്യ വകുപ്പിലേക്ക് സമർപ്പിക്കുന്നതാണ്. |
| 4 | ആലാർ കമ്പനിക്കുന്ന് റോഡ് ടാറിംഗ് | 1500000 | എഗ്രിമെന്റ് വെച്ചിട്ടുണ്ട് |
| 5 | കല്ല്മൊട്ടംകുന്ന് കുരിശിങ്കൽ റോഡ് നിർമ്മാണം | 1500000 | എഗ്രിമെന്റ് വെച്ചിട്ടുണ്ട് |
| 6 | പേരിയ കായൽ മക്കിറോഡ്, കറുങ്ക് ടാറിംഗ് | 2500000 | എഗ്രിമെന്റ് വെച്ചിട്ടുണ്ട് |
| 7 | അഞ്ചാംമൈൽ കൊറ്റിയാട്ടുകുന്ന് ഫുട്പാത്ത് കോൺക്രീറ്റ് | 1500000 | എഗ്രിമെന്റ് വെച്ചിട്ടുണ്ട് |
| 8 | തേറ്റമല ഹോമിയോ ആശുപത്രി കെട്ടിടം | 2500000 | എഗ്രിമെന്റ് വെച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് (പുരോഗതി 5%) |
| 9 | വിളമ്പുകണ്ടം ശുദ്ധജല വിതരണ പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ | 3000000 | ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| 10 | കാട്ടിക്കുളം ഹോമിയോ ആശുപത്രി കെട്ടിടം | 2500000 | ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| 11 | നരോക്കടവ് മഞ്ഞോട് കോളനി റോഡ് | 2000000 | എഗ്രിമെന്റ് വെച്ചിട്ടുണ്ട് |
| 12 | കുളങ്ങരക്കുന്ന് ഒരപ്പ് കുന്ന് റോഡ് | 1000000 | എഗ്രിമെന്റ് വെച്ചിട്ടുണ്ട് |
| 13 | ചെറ്റപ്പാലം ഡി.എം. കോൺവെന്റ് ഫുട്പാത്ത് | 1000000 | എസ്റ്റിമേറ്റ് ലഭിച്ചു. ഉടൻ ഭരണാനുമതി നൽകുന്നതാണ്. |
| 14 | പീച്ചങ്കോട് കുണ്ടോണിക്കുന്ന് റോഡ് | 1000000 | എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. |
| 15 | അമ്പലവയൽ പാലയോട് റോഡ് ഇറിഗേഷൻ കനാൽ നിർമ്മാണം | 1500000 | എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. |
| 16 | ഉരുമനത്തൂർ കരടിക്കുഴി റോഡ് സോളിംഗ് | 3000000 | എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല |